**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 24.01.2020, തീയതിയിലെ 1(1)-ാം നമ്പർ തിരുമാനം, 27.01.2020 തീയതിയിലെ 6(1) -ാം നമ്പർ തീരുമാനം, എന്നിവ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 2247/2020/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 01/12/2020

പരാമർശം:
1. പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 24.01.2020 ലെ 1(1)-ാം നമ്പർ തീരുമാനം.
2. പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.01.2020 ലെ 6(1)-ാം നമ്പർ തീരുമാനം.
3. പള്ളിവാസൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2020 ലെ A3/3658/2019-ാം നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ ' VIII-ാം വാർഡിൽ കുഞ്ചിത്തണ്ണി വില്ലേജിലെ ആഡിറ്റ് ഭാഗത്ത് റീസർവേ നമ്പർ 312/23, 312/23-1, 312/23-2, 312/24 എന്നിവയിലുൾപ്പെട്ട സ്ഥലത്ത് ശ്രീ. എം.സി. മാത്യു എന്നയാൾ ബിറ്റുമിൻ മിക്സിങ് ആൻഡ് റെഡി മിക്സിങ് പ്ലാന്റിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുൻപാകെ അപേക്ഷ സമർപ്പിച്ചിരുന്നു. പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം ( 1 ) ലെ തീരുമാനപ്രകാരം ടി അപേക്ഷ നിരസിക്കുകയുണ്ടായി.

പഞ്ചായത്ത് കമ്മിറ്റിയുടെ പരാമർശം (1) പ്രകാരമുള്ള തീരുമാനം പുനരവലോകനം ചെയ്യണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതി യോഗം ചേരുകയും ശ്രീ. എം.സി. മാത്യു നൽകിയ അപേക്ഷ നിരസിച്ചുകൊണ്ടുള്ള തീരുമാനത്തിൽ ഉറച്ചുനിൽക്കുന്നതായി പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്യുകയുണ്ടായി. പരാമർശം (2) പ്രകാരവും ഈ വിഷയം പുനപരിശോധിക്കാത്ത സാഹചര്യത്തിൽ, കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ ചട്ടം 29(3) -ലെ വ്യവസ്ഥയനുസരിച്ച് പരാമർശം (3) പ്രകാരം സെക്രട്ടറി ഇക്കാര്യം സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുജനങ്ങളിൽ നിന്നും ലഭിച്ച പരാതിയെ തുടർന്ന് ജനങ്ങളുടെ സുരക്ഷക്ക് വേണ്ടിയാണ് ബിറ്റുമിൻ മിക്സിങ് ആൻഡ് റെഡി മിക്സിങ് പ്ലാന്റിനുള്ള അപേക്ഷ പരിഗണിക്കേണ്ട എന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതെന്ന് മനസിലാക്കാൻ സാധിച്ചു. എന്നാൽ സ്ഥാപനാനുമതിക്കായി ശ്രീ. എം.സി. മാത്യു , ബന്ധപ്പെട്ട അധികാരികളിൽ നിന്നും ആവശ്യമായ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ (മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം, ഫയർ & റെസ്ക്യൂ സർവീസിൽ നിന്നുള്ള സാക്ഷ്യപത്രം, ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സിൽ നിന്നുള്ള സാക്ഷ്യപത്രം മുതലായവ ) സഹിതം

നൽകിയ അപേക്ഷയായതിനാൽ കമ്മിറ്റി തീരുമാനം പഞ്ചായത്ത് രാജ് നിയമത്തിന് കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിക്കുകയും ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1), (2) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്തുകൊണ്ടും ആയവ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) (1)-ാം ഉപവകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന് റഫർ ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ. പി.**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ , കോർട്ട് കോംപ്ലക്സ് വഞ്ചിയൂർ , തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി , പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഇടുക്കി
പ്രസിഡന്റ് , പള്ളിവാസൽ ഗ്രാമപഞ്ചായത്ത് ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.(ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി3/11/2020/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പകർപ്പ്:</u>

1) തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന് .
2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്.